LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനം നിർമ്മിക്കുന്നതിന് സംസ്ഥാന ആയുഷ് വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ കർമ്മ പദ്ധതിയായ 'സ്കൂളിൽ ഒരു ഔഷധ സസ്യ ഉദ്യാനം' എന്ന പദ്ധതിയോടനുബന്ധിച്ച് സ്കൂളുകൾക്കാവശ്യമായ തൈകൾ സൗജന്യമായി നൽകുന്നു. കൂടാതെ, ഔഷധ സസ്യത്തിന്റെ പേരും ശാസ്ത്രനാമവും ഒരു പ്രധാന ഉപയോഗവും രേഖപ്പെടുത്തിയ ബോർഡുകളും വിതരണം ചെയ്യുന്നു. ഇതോടൊപ്പം മെയിന്റനൻസിനായി നിശ്ചിത തുക അനുവദിച്ച് നൽകുന്നു. ഓരോ ജില്ലകളിലും സർക്കാർ/അർദ്ധ സർക്കാർ/അംഗീകൃത സന്നദ്ധ സംഘടനകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഔഷധ സസ്യ സമ്പത്തിന്റെ സംരക്ഷണം, കൃഷി, ശാസ്ത്രീയ ഉപയോഗം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, സ്കൂളുകളുടെ പരിസരത്ത് ഹരിതസമ്പത്ത് വർദ്ധിപ്പിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക, ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രചോദനവും അവസരവും കുട്ടികൾക്ക് നൽകുക, തദ്ദേശീയവും വംശനാശഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുക, ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ചികിത്സാ സമ്പ്രദായത്തിൽ അവയ്ക്കുള്ള സ്ഥാനത്തെക്കുറിച്ചും അവബോധം വളർത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ദേശീയ ഔഷധ സസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും അതാത് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയുമാണ് സംസ്ഥാന ഔഷധ സസ്യ ബോർഡ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതുവരെ ഏകദേശം 1150 സ്കൂളുകളിൽ ഔഷധ സസ്യ ഉദ്യാനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 200 സ്കൂളുകളിൽകൂടി ഈ പദ്ധതി സമീപഭാവിയിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

കക്ക് ഗ്രേഡ്-2 തസ്തികയിലെ നിയമനം

138(2607) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഒഴിവുള്ള കക്ക് ഗ്രേഡ്-2 തസ്തികയിൽ സ്ഥിരം നിയമനത്തിന് പരിഗണിക്കുന്നതിനായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ശിപാർശ ചെയ്തിട്ടുള്ളവരുടെ കൂടിക്കാഴ്ച 22-7-2015-ൽ നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ എവിടെ വച്ചാണ് ഇൻറർവ്യൂ നടന്നതെന്നും എത്രപേർ പങ്കെടുത്തുവെന്നും പേരു സഹിതം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഒഴിവിലേക്ക് മറ്റേതെങ്കിലും ദിവസം കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ആകെയുള്ള ഒഴിവുകൾ എത്രയെന്നും ഇതിനായി കൂടിക്കാഴ്ചയിൽ എത്ര പേർ പങ്കെടുത്തുവെന്നും എത്ര പേരെ നിശ്ചയിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ഇ) നിയമനം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ഏതെല്ലാമാണെന്നും, റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(എഫ്) കൂടിക്കാഴ്ചയ്ക്കായി അംഗപരിമിതരായ എത്രപേരെ ക്ഷണിച്ചിരുന്നുവെന്നും അതിൽ എത്രപേർ കൂടിക്കാഴ്ചയിൽ പങ്കെടുത്തുവെന്നും ആർക്കെല്ലാമാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് എം. കുമാരൻ മാണിക്കോത്ത് മുഖ്യമന്ത്രിക്ക് നൽകിയ 32844/15/സി.എം. നമ്പർ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 22-7-2015-ൽ കൂടിക്കാഴ്ച നടത്തുകയുണ്ടായി.

(ബി) ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എ.) മലപ്പുറത്തുവച്ചാണ് ഇന്റർവ്യൂ നടന്നത്. അതിൽ 21 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടിക്കാഴ്ച നടത്തിയിട്ടില്ല.

(ഡി) ഒഴിവുകൾ-1. 21 പേർ പങ്കെടുത്തു. ഒരാളിനെ നിയമിച്ചിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് സീനിയോറിറ്റി, വയസ്, വിദ്യാഭ്യാസ യോഗ്യത, ഈ വകുപ്പിലെ മുൻപരിചയം, സ്പെഷ്യൽ വിഭാഗം (വിധവ, അംഗവൈകല്യമുള്ളവർ) ഇന്റർവ്യൂ, മാർക്ക് എന്നീ മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ലിസ്റ്റാണ് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടുള്ളത്.

(എഫ്) അംഗപരിമിതരായ 7 പേരെ അഭിമുഖത്തിന് ക്ഷണിച്ചിരുന്നു. ആയതിൽ 6 പേർ പങ്കെടുത്തു. ആർക്കും നിയമനം നൽകിയിട്ടില്ല.

(ജി) ശ്രീ. എം. കുമാരൻ മാണിക്കോത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതി 30-11-2015-ൽ ലഭിച്ചിട്ടുള്ളതും ടി പരാതിയിന്മേൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ടിയാന് മറുപടി നൽകിയിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly